| 06-10-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ- അന്തിമ സമയത്ത് അച്ഛനെയല്ലാതെ മറ്റാരുടേയും ഓർമ്മ വരാത്ത തരത്തിൽ ഓർമ്മയിലിരിക്കാനുള്ള പ്രാക്ടീസ് ചെയ്യു.**

**ചോദ്യം-** ഏതൊരു ശ്രീമതം അനുസരിക്കുന്നതിലൂടെ നിങ്ങൾ കുട്ടികൾക്ക് ഭാഗ്യശാലിയാകാൻ സാധിക്കും?
**ഉത്തരം-** അച്ഛന്റെ ശ്രീമതമാണ്- കുട്ടികളേ, നിദ്രയെ ജയിക്കുന്നവരായി മാറൂ. അതിരാവിലെയുള്ള സമയം വളരെ നല്ലതാണ്. ആ സമയത്ത് ഉണർന്ന് അച്ഛനായ എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ ഭാഗ്യശാലിയായിത്തീരും. അഥവാ അതിരാവിലെ ഉണരുന്നില്ലെങ്കിൽ ആരാണോ ഉറങ്ങിയത് അവർ നഷ്ടപ്പെടുത്തി. കേവലം കഴിക്കുക ഉറങ്ങുക- ഇത് നഷ്ടപ്പെടുത്തലാണ് അതിനാൽ അതിരാവിലെ ഉണരുന്ന ശീലം ഉണ്ടാക്കു.

**ഗീതം-** നിങ്ങൾ രാത്രി ഉറങ്ങി നഷ്ടപ്പെടുത്തി............

**ഓംശാന്തി.** ഈ കഥ കുട്ടികളെ പ്രതിയാണ്. അച്ഛൻ പറയുന്നു കുട്ടികളേ കഴിക്കുക ഉറങ്ങുക, ഇത് ഒരു ജീവിതമല്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഈ അവിനാശീ ജ്ഞാനരത്നങ്ങളുടെ ദാനം ലഭിച്ചുകൊണ്ടിരിക്കുകയാണ്, സഞ്ചി നിറയുകയാണ്. എന്നിട്ടും കഴിക്കുകയും ഉറങ്ങുകയും ചെയ്യുക എന്നത് നഷ്ടപ്പെടുത്തലാണ്. അതിരാവിലെ ഉണരുന്നതിന് വളരെ മഹിമയുണ്ട്. ഭക്തിമാർഗ്ഗത്തിലും അതുപോലെ ജ്ഞാനമാർഗ്ഗത്തിലും, എന്തുകൊണ്ടെന്നാൽ പുലർകാല വേള വളരെ ശാന്തമായിരിക്കും. ആത്മാക്കൾ എല്ലാവരും തന്റെ സ്വധർമ്മത്തിലായിരിക്കും. അശരീരിയായി വിശ്രമിക്കുകയായിരിക്കും. ആ സമയത്ത് ഓർമ്മ വളരെ നല്ലതായിരിക്കും. പകൽ സമയത്ത് മായ കറക്കിക്കൊണ്ടിരിക്കും, ഈ ഒരു സമയമാണ് വളരെ നല്ലത്. ഇപ്പോൾ നമ്മൾ കക്കയിൽ നിന്നും വജ്രമായി മാറുകയാണ്. കുട്ടികളോട് അച്ഛൻ പറയുകയാണ് നിങ്ങൾ എന്റെ മക്കളാണ്, ഞാൻ നിങ്ങളുടെ കുട്ടിയാണ്. അച്ഛൻ കുട്ടിയാവുകയാണ്, ഇതും മനസ്സിലാക്കേണ്ട കാര്യമാണ്. അച്ഛൻ തന്റെ കുട്ടികൾക്ക് സമ്പത്ത് നൽകുന്നു. ഞാൻ അതുപോലെ കച്ചവടക്കാരനുമാണ്. നിങ്ങളുടെ ശരീരം മനസ്സ് ഇവയെല്ലാം കക്കയ്ക്ക് സമാനം ഒരണയ്ക്ക് കൊള്ളാത്തതാണ്. നിങ്ങളുടെ ആ പഴയതെല്ലാം എടുത്തിട്ട് സൂക്ഷിപ്പുകാരനായി സംരക്ഷിക്കാൻ നിങ്ങൾക്കുതന്നെ തിരികെ നൽകുന്നു. നിങ്ങൾ ജന്മജന്മാന്തരങ്ങൾ പാടുമായിരുന്നു- സമർപ്പണമാകും, ബലിയായിത്തീരും, എന്റേതായി ഒന്നുമാത്രം, രണ്ടാമത് ഒരാളില്ല എന്തുകൊണ്ടെന്നാൽ എല്ലാവരും പ്രിയതമകളാണ്. എങ്കിൽ ഒരേ ഒരു പ്രിയതമനെയല്ലേ ഓർമ്മിക്കുക. ദേഹസഹിതം എല്ലാ സംബന്ധങ്ങളേയും മറന്ന് മറന്ന് ഒരാളുടെ തന്നെ ഓർമ്മ ഇത്രയും ഉണ്ടാവണം അന്തിമ സമയത്ത് ഈ ശരീരമോ, മറ്റാരെങ്കിലുമോ ഓർമ്മയിൽ വരരുത്. ഇത്രയും പ്രാക്ടിസ് ചെയ്യണം. പുലർകാല സമയം വളരെ നല്ലതാണ്. നിങ്ങളുടെ ഈ യാത്ര സത്യമായതാണ്. അവരാണെങ്കിൽ ജന്മ ജന്മാന്തരങ്ങൾ യാത്രചെയ്യുന്നു എന്നിട്ടും മുക്തി പ്രാപ്തമായില്ല, എങ്കിൽ അത് അസത്യമായ യാത്രയായില്ലേ. ഇതാണ് ആത്മീയവും സത്യവുമായ മുക്തിയുടേയും ജീവന്മുക്തിയുടേയും യാത്ര. മനുഷ്യർ തീർത്ഥാടനത്തിന് പോകുമ്പോൾ അമർനാഥ്, ബദ്രീനാഥ് എന്നീ സ്ഥലങ്ങൾ ഓർമ്മയിൽ ഉണ്ടാകാറില്ലേ. മുഖ്യമായും 4 ധാമങ്ങളെക്കുറിച്ചാണ് പറയുന്നത്. നിങ്ങൾ എത്ര ധാമങ്ങളിൽ യാത്ര നടത്തിയിട്ടുണ്ടാകും! എത്ര ഭക്തി ചെയ്തിട്ടുണ്ടാകും! അരകല്പം ചെയ്തിരുന്നു. ഇപ്പോൾ ഈ കാര്യങ്ങളൊന്നും ആരും അറിയുന്നില്ല. അച്ഛൻ തന്നെയാണ് വന്ന് മുക്തമാക്കി പിന്നീട് വഴികാട്ടിയായി കൂടെ കൊണ്ടുപോകുന്നത്. എത്ര അത്ഭുതകരമായ വഴികാട്ടിയാണ്. കുട്ടികളെ മുക്തി- ജീവന്മുക്തിധാമങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നു. ഇങ്ങനെയൊരു വഴികാട്ടി വേറെ ഉണ്ടാകില്ല. സന്യാസിമാർ കേവലം മുക്തിധാമം എന്നു പറയും, ജീവന്മുക്തി എന്ന വാക്ക് അവരുടെ മുഖത്തിൽ നിന്നും വരുകയേയില്ല. അവർ അതിനെ കാകവിഷ്ട സമാനമായ അല്പകാല സുഖമെന്നു കരുതുന്നു. നിങ്ങൾ കുട്ടികൾക്ക് അറിയാം അച്ഛനാണ് ദുഃഖ ഹർത്താ സുഖകർത്താവ്. അല്ലയോ മാതാപിതാവേ, എപ്പോൾ ഞങ്ങൾ അങ്ങയുടെ ബാലകരായി മാറുന്നുവോ അപ്പോൾ ഞങ്ങളുടെ സർവ്വദുഃഖങ്ങളും ദൂരെയാകുന്നു. അരകല്പത്തിലേയ്ക്ക് ഞങ്ങൾ സുഖിയായി മാറുന്നു. ഇത് ബുദ്ധിയിൽ ഇരിക്കുന്നുണ്ടല്ലോ. പക്ഷേ ജോലി കാര്യങ്ങളിലേയ്ക്ക് പോകുമ്പോൾ മറക്കുന്നു. അതിരാവിലെ ഉണരുന്നില്ല. ആരാണോ ഉറങ്ങിയത് അവർ നഷ്ടപ്പെടുത്തി.

നിങ്ങൾക്ക് അറിയാം- നമുക്ക് ഇപ്പോൾ വജ്രതുല്യമായ ജീവിതം ലഭിച്ചിരിക്കുകയാണ്. ഇപ്പോൾ ഉറക്കത്തിൽ നിന്ന് അതിരാവിലെ ഉണരുന്നില്ലെങ്കിൽ ഇവർ ഭാഗ്യശാലിയല്ല എന്ന് മനസ്സിലാക്കും. അതിരാവിലെ ഉണർന്ന് അതിസ്നേഹിയായ അച്ഛനെ, പ്രിയതമനെ ഓർമ്മിക്കുന്നില്ല. അര കല്പമായി പ്രിയതമനെ പിരി

ഞ്ഞിട്ട് പിന്നെ മുഴുവൻ കല്പത്തിലും നിങ്ങൾ അച്ഛനെ മറക്കുന്നു എന്നിട്ട് ഭക്തി മാർഗ്ഗത്തിൽ പ്രിയതമന്റെ രൂപത്തിൽ അല്ലെങ്കിൽ അച്ഛന്റെ രൂപത്തിൽ നിങ്ങൾ ഓർമ്മിക്കുന്നു. പ്രിയതമ പ്രിയതമനേയും ഓർമ്മിക്കുന്നു. ബാബയെ പിന്നീട് അച്ഛൻ എന്നും പറയുന്നു. ഇപ്പോൾ സന്മുഖത്ത് ഉള്ളതിനാൽ അച്ഛന്റെ ശ്രീമത്ത് അനുസരിച്ച് നടക്കണം. അഥവാ ശ്രീമത്ത് അനുസരിച്ച് നടക്കുന്നില്ലെങ്കിൽ വീണുപോകും. ശ്രീമത്ത് അർത്ഥം ശിവബാബയുടെ മതം. ഞങ്ങൾക്ക് ആരുടെ മതമാണ് ലഭിക്കുന്നത് എന്നത് ഞങ്ങൾക്കറിയില്ല, ഇങ്ങനെയാവരുത്. മനസ്സിലാക്കണം ബ്രഹ്മാബാബ നൽകുന്ന മതത്തിനും ഉത്തരവാദി ശിവബാബയാണ്. എങ്ങനെയാണോ ലൗകികത്തിൽ കുട്ടികളുടെ ഉത്തരവാദിത്വം അച്ഛനുള്ളത്, മകൻ അച്ഛനെ പ്രത്യക്ഷപ്പെടുത്തുന്നു. അതുപോലെ ഈ ബ്രഹ്മാശരീരവും അച്ഛനെയാണ് പ്രത്യക്ഷപ്പെടുത്തുന്നത്. വിശേഷപ്പെട്ട സന്താനമാണ്. വളരെ നല്ല നല്ല കുട്ടികൾ അനേകം പേരുണ്ട് അവർക്ക് ഇതറിയില്ല ഞാൻ ആരുടെ മതപ്രകാരമാണ് നടക്കുന്നത്, ആരാണ് നിർദ്ദേശങ്ങൾ നൽകുന്നത്? അച്ഛനെ ഓർമ്മിക്കുന്നില്ല. അതിരാവിലെ ഉണരുന്നില്ല, അച്ഛനെ ഓർമ്മിക്കുന്നില്ല എങ്കിൽ വികർമ്മം വിനാശമാവുകയില്ല. ബ്രഹ്മാബാബ പറയും എത്രയൊക്കെ പരിശ്രമിക്കുന്നു എന്നിട്ടും കർമ്മഭോഗ് അവസാനിക്കുന്നില്ല തുടർന്നുകൊണ്ടിരിക്കുന്നു എന്തുകൊണ്ടെന്നാൽ ഒരു ജന്മത്തിലെ കാര്യമല്ല. അനേക ജന്മങ്ങളുടെ കണക്കുണ്ട്. നിർദേശം ലഭിച്ചിട്ടുണ്ട്, ഈ ജന്മത്തിലെ പാപങ്ങൾ പറയുന്നതിലൂടെ പകുതി കുറയും. ബാബ പറയുന്നു- എനിക്ക് അറിയാം പിന്നെ ധർമ്മരാജനും അറിയാം. പാപങ്ങൾ നിരവധി ചെയ്തിട്ടുണ്ട്. ധർമ്മരാജൻ ഗർഭ ജയിലിൽ ശിക്ഷ നൽകിവന്നു. നിങ്ങൾ ഇപ്പോൾ പുരുഷാർത്ഥം ചെയ്ത് വികർമ്മം വിനാശമാക്കുകയാണെങ്കിൽ പിന്നീട് ഗർഭക്കൊട്ടാരം ലഭിക്കും. അവിടെ മനുഷ്യനെ തെറ്റ് ചെയ്യിക്കാനും ശിക്ഷ അനുഭവിപ്പിക്കാനും മായ ഉണ്ടാകില്ല. അരകല്പം ഈശ്വരീയ രാജ്യവും അരകല്പം രാവണ രാജ്യവുമാണ്. സർപ്പത്തിന്റെ ഉദാഹരണവും ഇവിടുത്തെയാണ്. സന്യാസികൾ അത് കോപ്പിയടിച്ചു. എങ്ങനെയാണോ വേട്ടാളന്റെ ഉദാഹരണം ബാബ നൽകുന്നത്. അത് കീടങ്ങളെ തന്റെ കൂട്ടിലേയ്ക്ക് കൊണ്ടുവരും. നിങ്ങളും പതിതരെ കൊണ്ടുവരുന്നു. പിന്നീട് ഇരുന്ന് അവരെ ശൂദ്രനിൽ നിന്നും ബ്രാഹ്മണനാക്കുന്നു. നിങ്ങളുടെ പേര് ബ്രാഹ്മണി എന്നാണ്. ഈ ഭ്രമരിയുടെ ഉദാഹരണം വളരെ നല്ലതാണ്. വളരെ പേർ പ്രാക്ടിക്കലായി വരുന്നൊക്കെയുണ്ട്, എന്നാൽ അതിൽ ചിലർ പാകമാകാതിരിക്കും, ചിലർ കേടുവരും, ചിലർ വിട്ടുപോകും. മായ വലിയ കൊടുങ്കാറ്റിൽ പെടുത്തും. നിങ്ങൾ ഓരോരുത്തരും വാസ്തവത്തിൽ ഹനുമാന്മാരാണ്. മായ എത്രതന്നെ കൊടുങ്കാറ്റ് കൊണ്ടുവന്നാലും ഞങ്ങൾ ബാബയേയും സമ്പത്തിനേയും മറക്കില്ല. ബാബ ഓരോ മിനിറ്റും പറയുന്നു- ശ്രദ്ധിക്കൂ! മനുഷ്യരാണെങ്കിൽ ക്ഷീണിക്കാൻ വേണ്ടിയാണ് തീർത്ഥാടനങ്ങൾക്ക് പോകുന്നത്. ഇവിടെയാണെങ്കിൽ എവിടേയ്ക്കും പോകുന്നില്ല. ഒരേ ഒരു ബാബയേയും സുഖധാമത്തേയും ഓർമ്മിച്ച്കൊണ്ടിരിക്കണം. നിങ്ങൾ തീർച്ചയായും വിജയം നേടിയവരാണ്. ഇതിനെയാണ് ബുദ്ധിയോഗത്തിന്റെ ബലം അല്ലെങ്കിൽ ജ്ഞാനത്തിന്റെ ബലം എന്നു പറയുന്നത്. ഓർമ്മിക്കുന്നതിലൂടെ ബലം ലഭിക്കുന്നു ബുദ്ധിയുടെ പൂട്ട് തുറക്കപ്പെടുന്നു. അഥവാ എന്തെങ്കിലും നിയമവിരുദ്ധ കാര്യങ്ങൾ ചെയ്താൽ അവരുടെ ബുദ്ധിയുടെ പൂട്ട് അടയും. അച്ഛൻ മനസ്സിലാക്കിത്തരുകയാണ് അഥവാ നിങ്ങൾ ഇങ്ങനെ എന്തെങ്കിലും ചെയ്താൽ ഡ്രാമ അനുസരിച്ച് ബുദ്ധിയുടെ പൂട്ട് ബന്ധിക്കപ്പെടും. അവർക്ക് വികാരത്തിലേയ്ക്ക് പോകരുത് എന്ന് പറയാനും കഴിയില്ല. ഉള്ളിൽ കാർന്നുകൊണ്ടിരിക്കും- ഞാൻ ഇത്രയും പാപം ചെയ്തു! ഭക്തിമാർഗ്ഗത്തിലും ഉള്ള് തിന്നുകൊണ്ടിരിക്കും. മരിച്ചശേഷവും കഷ്ടപ്പെടുത്തും. എന്നിട്ട് അവസാനം സർവ്വപാപങ്ങളും മുന്നിലേയ്ക്ക് വരും. ഗർഭജയിലിൽ പോയതും പെട്ടെന്ന് തന്നെ ശിക്ഷകൾ ആരംഭിക്കും. അവസാന സമയത്ത് തീർച്ചയായും ഓർമ്മ വരും. അതിനാൽ ഇപ്പോൾ ബാബ പറയുകയാണ് നിങ്ങൾക്ക് ക്ഷമിക്കൂ ക്ഷമിക്കൂ എന്ന് യാചിക്കേണ്ടിവരരുത്, നിങ്ങൾ പാപം ചെയ്യരുത്. ജയിൽ പുള്ളികളുണ്ടല്ലോ. നിങ്ങളും ജയിൽപുള്ളികളായിരുന്നു. ഇപ്പോൾ ബാബ ഗർഭജയിലിലുള്ള ശിക്ഷകളിൽ നിന്നും മോചിപ്പിക്കുകയാണ്. പറയുന്നു അച്ഛനായ എന്നെ ഓർമ്മിക്കുകയാണെങ്കിൽ പാപങ്ങളുടെ ശിക്ഷകളിൽ നിന്നും രക്ഷപ്പെടും, നിങ്ങൾ പാവനമായിത്തീരും. അഥവാ എന്നിട്ടും വീഴുകയാണെങ്കിൽ വളരെയധികം മുറിവുകൾ ഉണ്ടാകും. ആദ്യത്തേത് അശുദ്ധമായ അഹങ്കാരമാണ്. പിന്നീടാണ് കാമവും ക്രോധവും. കാമം മഹാശത്രുവാണ്. ഇത് നിങ്ങൾക്ക് ആദി- മദ്ധ്യ- അന്ത്യം ദുഃഖം നൽകിവന്നു. നിങ്ങൾ ആദി- മദ്ധ്യ- അന്ത്യം സുഖത്തിനുവേണ്ടിയാണ് പുരുഷാർത്ഥം ചെയ്യുന്നത്. അതിനാൽ പൂർണ്ണമായും പുരുഷാർത്ഥം ചെയ്യണം. അഥവാ അതിരാവിലെ ഉണരാൻ കഴിയുന്നില്ല എന്ന് പറയുകയാണെങ്കിൽ പദവിയും ഉയർന്നത് നേടാൻ കഴിയില്ല. ദാസ ദാസിയായി മാറേണ്ടിവരും. അവിടെ ചാണകം വാരേണ്ടിയൊന്നും വരില്ല, തോട്ടികളുണ്ടാകില്ല. ഇപ്പോഴും വിദേശങ്ങളിൽ വേലക്കാരെ വെക്കാറില്ല. സ്വയം വൃത്തിയാക്കും. അവിടെയാണെങ്കിൽ അഴുക്കും ഉണ്ടാകില്ല. പക്ഷേ ചണ്ഡാലൻ, ദാസ ദാസി എന്നിവർ ഉണ്ടാകും.

അച്ഛൻ നിങ്ങൾ കുട്ടികൾക്ക് എല്ലാ രഹസ്യങ്ങളും മനസ്സിലാക്കിത്തരുന്നു. നിങ്ങളുടെ ബുദ്ധിയിൽ മുഴു

വൻ രാജധാനിയുമുണ്ട്. നിങ്ങൾ ഡ്രാമയെ മനസ്സിലാക്കിക്കഴിഞ്ഞു. ആദ്യമാദ്യം മുഖ്യമായി ഈ ചക്രത്തെ മനസ്സിലാക്കിക്കൊടുക്കണം. ഇപ്പോൾ ഉദ്ഘാടനം ചെയ്യാൻ ഗവർണർ മുതലായവരെ വിളിക്കുന്നുണ്ട്. അതിനാൽ കുട്ടികൾക്ക് നിർദ്ദേശം ലഭിക്കുകയാണ് ഉദ്ഘാടനത്തിനു മുമ്പ് ഇവർക്ക് കുറച്ച് എന്തെങ്കിലും മനസ്സിലാക്കിക്കൊടുക്കൂ ഭാരതം ശ്രേഷ്ഠാചാരിയായിരുന്നു, ഇപ്പോൾ ഭാരതം വീണ്ടും ഭ്രഷ്ടാചാരിയായിരിക്കുന്നു. ഭാരതത്തിലെ പൂജ്യദേവീദേവതകൾ തന്നെയാണ് പിന്നീട് പൂജാരിയായി മാറിയത്. ഇത് തീർച്ചയായും മനസ്സിലാക്കിക്കൊടുക്കണം. അവർ സ്വയം പറയണം സൃഷ്ടി ചക്രത്തിന്റെ രഹസ്യം ഇവർ മനസ്സിലാക്കിത്തരുന്നുണ്ട് എന്ന്. ആരാണോ ഇത് മനസ്സിലാക്കുന്നത് അവരെ ത്രികാലദർശികൾ എന്നു വിളിക്കുന്നു. മനുഷ്യനായിട്ട് ഈ ഡ്രാമയെ അറിയുന്നില്ലെങ്കിൽ പിന്നെ എന്തിനുകൊള്ളും. ഇങ്ങനെ വളരെ അധികംപേർ പറയാറുണ്ട് ബി.കെ കളുടെ പവിത്രത വളരെ നല്ലതാണ്. പവിത്രത എല്ലാവർക്കും നല്ലതായി തോന്നും. സന്യാസിമാർ പവിത്രമാണ്, ദേവതകൾ പവിത്രമാണ്, അതുകൊണ്ടല്ലേ അവരുടെ മുന്നിൽ ചെന്ന് തലകുനിക്കുന്നത്. പക്ഷേ ഇത് കാര്യം വേറെയാണ്. പതിത പാവനനാകാൻ ഒരേ ഒരു പരമാത്മാവിനേ കഴിയൂ. പതിതത്തിൽ നിന്നും പാവനമാക്കുന്നയാൾ ഒരു മനുഷ്യഗുരുവാകുക സാധ്യമല്ല. ഇത് മനസ്സിലാക്കിക്കൊടുക്കണം. ദയവുചെയ്ത് ഇത് മനസ്സിലാക്കൂ, എങ്കിൽ താങ്കളുടെ പദവി വളരെ ഉയർന്നതാകും. ഭാരതം എങ്ങനെയാണ് പൂജ്യനിൽ നിന്നും പൂജാരിയായി മാറിയത്, ഭാരതവാസി ദേവതകൾ എങ്ങനെയാണ് 84 ജന്മങ്ങൾ എടുക്കുന്നത്– ഇത് മനസ്സിലാക്കൂ. ഈ കാര്യങ്ങളെല്ലാം തീർച്ചയായും മനസ്സിലാക്കിക്കൊടുക്കണം. ക്രിസ്തുവിന് 3000 വർഷങ്ങൾക്ക് മുമ്പ് ഭാരതത്തിൽ ദേവീദേവതകളാണ് വസിച്ചിരുന്നത്. അതിനെയാണ് സുഖധാമം, സ്വർഗ്ഗം എന്ന് വിളിക്കുന്നത്. സ്വർഗ്ഗം ഇപ്പോൾ നരകമായിമാറി. ഇത് നിങ്ങൾ ഇരുന്ന് മനസ്സിലാക്കിക്കൊടുക്കുകയാണെങ്കിൽ നിങ്ങൾക്ക് വളരെ വലിയ മഹിമയുണ്ടാകും. പത്രക്കാർക്കും പാർട്ടി നൽകണം. പിന്നീട് അവർ തീവെച്ചാലും വെള്ളമൊഴിച്ചാലും ശരി, അത് അവരെ ആശ്രയിച്ചിരിക്കും. ഇത് നിങ്ങൾ കുട്ടികൾക്ക് അറിയാം യുദ്ധം നടക്കുക തന്നെ ചെയ്യും. ഭാരതത്തിൽ രക്തത്തിന്റെ പുഴയൊഴുകും. എപ്പോഴും ഇവിടെ നിന്നാണ് രക്തപ്പുഴ ഒഴുകിയിരുന്നത്. ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ എന്നും യുദ്ധം നടക്കുന്നു. ഇപ്പോൾ പാർട്ടീഷ്യൻ നടന്നപ്പോൾ എത്ര മനുഷ്യർ ഭിന്നിക്കപ്പെട്ടു. തീർത്തും വേറെ–വേറെ രാജധാനികളിലായി. ഇതും ഡ്രാമയിൽ അടങ്ങിയതാണ്. പരസ്പരം വഴക്കടിക്കുന്നു, ഭിന്നിപ്പിക്കുന്നു. മുമ്പ് ഹിന്ദുസ്ഥാൻ, പാകിസ്ഥാൻ  എന്നിങ്ങനെ രണ്ടായിരുന്നില്ലല്ലോ. ഭാരതത്തിൽ തന്നെയാണ് രക്തപ്പുഴ ഒഴുകേണ്ടത് അപ്പോഴേ നെയ്യ് കൊണ്ടുള്ള പുഴ ഒഴുകൂ. എന്തായിരിക്കും ഫലം? കുറച്ച് പേർ രക്ഷപ്പെടും. നിങ്ങൾ പാണ്ഡവർ ഗുപ്ത വേഷത്തിലാണ്.

അതിനാൽ ഗവർണർക്ക് ആദ്യം പരിചയം നൽകണം. ആരുടെ അടുത്തേയ്ക്കാണോ പോകേണ്ടത് അവരുടെ മഹിമ ആദ്യം ചെയ്യുന്നു. എന്നാൽ അവർക്കായി എന്താണ് എഴുതിയിരിക്കുന്നത് എന്ന രഹസ്യം നിങ്ങൾക്കുമാത്രമേ അറിയൂ. അവർക്ക് അല്പംപോലും അറിയുകയില്ലല്ലോ ഇത് മൃഗതൃഷ്ണയ്ക്കു സമാനമായ ലോകമാണെന്ന്. ഡ്രാമ അനുസരിച്ച് അവർക്കും തങ്ങളുടേതായ പ്ലാൻ ഉണ്ടാകുക തന്നെ ചെയ്യും. മഹാഭാരതത്തിൽ പ്രളയം ഉണ്ടായതായി കാണിക്കുന്നു. ഇപ്പോൾ മഹാപ്രളയമൊന്നും സംഭവിക്കില്ല. നിങ്ങൾ കുട്ടികളുടെ ഉള്ളിൽ സൃഷ്ടി ചക്രത്തിന്റെ ജ്ഞാനം എപ്പോഴും മുഴങ്ങണം. ആദ്യം അവർക്ക് ഇത് മനസ്സിലാകണം ഇവരെ പഠിപ്പിക്കുന്നത് ആരാണ്! അപ്പോൾ മനസ്സിലാക്കും തീർച്ചയായും ഞങ്ങളും ശിവന്റെ സന്താനങ്ങളാണ്. പ്രജാപിതാ ബ്രഹ്മാവിന്റേയും സന്താനങ്ങളാണ്. ഇത് വംശമാണ്. പ്രജാപിതാ ബ്രഹ്മാവാണ് മുതുമുത്തച്ഛൻ. മനുഷ്യ സൃഷ്ടിയിലെ ഏറ്റവും വലിയ ആൾ ബ്രഹ്മാവല്ലേ. ശിവബാബയെ ഇങ്ങനെ പറയില്ല, ശിവബാബയെ അച്ഛൻ എന്നു മാത്രം പറയും. മുതുമുത്തച്ഛൻ എന്ന ടൈറ്റിൽ പ്രജാപിതാ ബ്രഹ്മാവിന്റേതാണ്. തീർച്ചയായും മുത്തശ്ശിയും പേരക്കുട്ടികളും ഉണ്ടാകും. നിങ്ങൾ കുട്ടികൾ ഇതെല്ലാം മനസ്സിലാക്കിക്കൊടുക്കണം. ശിവബാബയാണ് സർവ്വാത്മാക്കളുടേയും അച്ഛൻ. ബ്രഹ്മാവിലൂടെ സൃഷ്ടി രചിക്കുന്നു. നിങ്ങൾക്ക് അറിയാം നമ്മളിൽ നിന്ന് ഇനി എത്ര ശാഖകൾ വളരും. ഗവർണർക്ക് മനസ്സിലാക്കിക്കൊടുക്കണം  ഇങ്ങനെയുള്ള പ്രദർശിനികൾ കോണു കോണുകളിൽ വെയ്ക്കണം, താങ്കൾ അതിനുള്ള ഏർപ്പാടുകൾ ചെയ്തുതരു. ഞങ്ങളെ നോക്കൂ ഞങ്ങൾക്ക് 3 അടി മണ്ണുപോലും ലഭിക്കുന്നില്ല എന്നാൽ പിന്നീട് ഞങ്ങൾ വിശ്വത്തിന്റെ തന്നെ അധികാരിയായി മാറുന്നു. താങ്കൾ ഏർപ്പാട് ചെയ്തുതരുകയാണെങ്കിൽ ഞങ്ങൾക്ക് ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്ന സേവനം ചെയ്യാൻ സാധിക്കും. അഥവാ അവർ നിങ്ങൾക്ക് കുറച്ച് എന്തെങ്കിലും സഹായം ചെയ്താൽത്തന്നെ എല്ലാവരും പറയാൻ തുടങ്ങും ഗവർണറും ബ്രഹ്മാകുമാരനായി മാറി. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക്  മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ

കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം –**

1. കക്കയ്ക്കുസമാനമായ തന്റെ ശരീരം, മനസ്സ്, ധനം എന്തെല്ലാമുണ്ടോ അതെല്ലാം അച്ഛനിൽ ബലിയർപ്പിച്ച് പിന്നീട് സൂക്ഷിപ്പുക്കാരനായി സംരക്ഷിക്കണം. മമത്വത്തെ ഇല്ലാതാക്കണം

2. അതിരാവിലെ ഉണർന്ന് അച്ഛനെ സ്നേഹത്തോടെ ഓർമ്മിക്കണം. ജ്ഞാനത്തിന്റെയും ബുദ്ധിയോഗത്തിന്റെയും ബലത്തിലൂടെ മായയുടെമേൽ വിജയം നേടണം.

## വരദാനം:– ദൃഷ്ടിയിലൂടെ ശക്തി എടുക്കുകയും ശക്തി കൊടുക്കുകയും ചെയ്യുന്ന മഹാദാനി, വരദാനി മൂർത്തിയായി ഭവിക്കട്ടെ.

മുമ്പോട്ട് പോകവേ വാക്കുകളിലൂടെ സേവനം ചെയ്യാനുള്ള സമയമോ സാഹചര്യമോ ഇല്ലാതാകുമ്പോൾ വരദാനി, മഹാദാനി ദൃഷ്ടി മുഖേന തന്നെയേ ശാന്തിയുടെ ശക്തി, സ്നേഹം, സുഖം അഥവാ ആനന്ദത്തിന്റെ ശക്തിയുടെ അനുഭവം ചെയ്യിപ്പിക്കാൻ സാധിക്കൂ. ജഢ മൂർത്തികളുടെയടുത്ത് പോകുമ്പോൾ മുഖത്തിലൂടെ വൈബ്രേഷൻ ലഭിക്കുന്നു, നയനങ്ങളിലൂടെ ദിവ്യതയുടെ അനുഭൂതിയുണ്ടാകുന്നു. അങ്ങനെയെങ്കിൽ താങ്കൾ ചൈതന്യത്തിൽ ഈ സേവനം ചെയ്തത് കൊണ്ടാണ് ജഢമൂർത്തികൾ ഉണ്ടായത്, അതിനാൽ ദൃഷ്ടിയിലൂടെ ശക്തി എടുക്കുകയും കൊടുക്കുകയും ചെയ്യുന്നതിനുള്ള അഭ്യാസം ചെയ്യൂ അപ്പോൾ മഹാദാനി, വരദാനി മൂർത്തിയായി മാറും.

## സ്ലോഗൻ:–സവിശേഷതകളിൽ(ഫീച്ചേഴ്സ്) സുഖ–ശാന്തിയുടെയും സന്തോഷത്തിന്റെയും തിളക്കമുണ്ട് എങ്കിൽ അനേകാത്മാക്കളുടെ ഭാവി(ഫ്യൂച്ചർ) ശ്രേഷ്ഠമാക്കാൻ കഴിയും.